## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- വിജിലൻസ് പരിശോധന- അടൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. ഷെർളാ ബീഗത്തിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.2321 / 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 27/ 08/ 2018.

---

പരാമർശം :- 1. വിജിലൻസ് & ആൻറി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.04.2016 ലെ ഇ 3/ 11427/ 2016 നമ്പർ കത്ത്.

2. അടൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. ഷെർളാ ബീഗത്തിനെതിരെ നൽകിയ 3.01.2017 ലെ ഇയു1/ 233/ 2016- തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീമതി. ഷെർളാബീഗം 6.06.2017 ൽ ഹാജരാക്കിയ പ്രതിവാദ പത്രിക

4. നഗരകാര്യ ഡയറക്ടറുടെ31.01.2018 ലെ വി1/ 19413/ 17 നമ്പർ കത്ത്.

## ഉത്തരവ്

അടൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ, നഗരസഭയിൽ ഹാജർ ബുക്കിനോടനുബന്ധമായി പരിപാലിക്കുന്ന കാഷ്വൽ ലീവ് രജിസ്റ്റർ (2016), ഫോൺ മെസ്സേജ് ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ലെന്ന് കണ്ടെത്തുകയും ടി ക്രമക്കേടിന് ടി നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീമതി. ഷെർളാബീഗത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (2) പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

2)പരാമർശം 3 പ്രകാരം ശ്രീമതി. ഷെർളാബീഗം കുറ്റപത്രത്തിനുള്ള പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. കേരളാ മുനിസിപ്പൽ ആക്ട് സെക്ഷൻ 50(2) പ്രകാരം ടി ചുമതലകൾ ജനറൽ സെക്ഷൻ സൂപ്രണ്ടിന് കൈമാറി 01/ 10/ 2014 ലെ ജി1- 5495/ 98 നമ്പരായി നഗരസഭാ സെക്രട്ടറിയായ ഉത്തരവായിട്ടുള്ളതാണെന്നും, സർവ്വീസിന്റെ തുടക്കം എന്ന നിലയിൽ പരിചയക്കുറവു മൂലം ടി തെറ്റ് സംഭവിച്ചുപോയിട്ടുള്ളതാണെന്നും മന:പൂർവ്വമല്ലാതെ സംഭവിച്ചുപോയ പിഴവുകൾ ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ അവ പരിഹരിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. ശ്രീമതി. ഷെർളാ ബീഗം എസ്. നഗരസഭാ സെക്രട്ടറിയുടെ ചുമതലകൾ ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും നഗരസഭാ സെക്രട്ടറി എന്ന നിലയിൽ ടി ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമായിരുന്നു എന്നിരുന്നാലും ശ്രീമതി. ഷെർളാ ബീഗം എസ്. 18/ 09/ 2014-ൽ മാത്രമാണ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതെന്നുള്ള വസ്തുത പരിഗണിക്കാവുന്നതാണെന്നും പരാമർശം (4)പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിചയക്കുറവു മൂലം സംഭവിച്ച പിഴവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ അവ പരിഹരിച്ചിട്ടുള്ളതാണെന്ന വസ്തുത പരിഗണിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടായ വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്ന നിർദ്ദേശം നൽകി ശ്രീമതി. ഷെർളാ ബീഗത്തിനെതിരെ തുടങ്ങിവച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എ സ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ശ്രീമതി. ഷെർളാബീഗം, മുൻസെക്രട്ടറി, അടൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**